ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 11.01.2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാജ്കോട്ടിൽ വൈബ്രന്റ് ഗുജറാത്ത് മേഖലാ സമ്മേളനം ഉദ്ഘാടനം ചെയ്യും.

**Prime Minister Narendra Modi will inaugurate the Vibrant Gujarat Regional Conference in Rajkot today.**

2) കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് തിരുവനന്തപുരത്ത് വിവിധ പരിപാടികളിൽ സംബന്ധിക്കും. ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിൽ ദർശനം നടത്തും..

**Union Home Minister Amit Shah will attend various events in Thiruvananthapuram today. He will visit the Sree Padmanabha Swamy Temple.**

3) യുവാക്കളാണ് രാഷ്ട്ര വികസനത്തിന്റെ ചാലകശക്തിയെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ.

**Union Minister Mansukh Mandaviya says that youth are the driving force of national development.**

4) രാജ്യത്തെ പുനരുപയോഗ ഊർജ്ജ പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിന് സംസ്ഥാനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുമെന്ന് കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി.

**Union Minister Pralhad Joshi says that he will work with states to accelerate renewable energy projects in the country..**

5) കേരളത്തിൽ ബാക് ടു കാമ്പസ് നൈപുണി പരിശീലനത്തിലൂടെ ഒരുലക്ഷത്തിലധികം തൊഴിലവസരങ്ങൾ കണ്ടെത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.

Chief Minister Pinarayi Vijayan says that more than one lakh job opportunities have been found in Kerala through back-to-campus skill training.

6) ഇന്ത്യ- ന്യൂസിലൻഡ് പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് വഡോദരയിൽ തുടക്കം.

India-New Zealand men's ODI cricket series begins in Vadodara today.

☸☸☸☸☸☸☸☸☸☸☸☸

## REV. PM-GUJARAT

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഗുജറാത്തിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ചരിത്രപ്രസിദ്ധമായ 'സോംനാഥ് സ്വാഭിമാൻ പർവ്'-ൽ പങ്കെടുക്കും. ക്ഷേത്രം ആക്രമിക്കപ്പെട്ടതിന്റെ 1000 വർഷവും സ്വാതന്ത്ര്യാനന്തരം പുനരുദ്ധരിക്കപ്പെട്ടതിന്റെ എഴുപത്തിയഞ്ചാം വർഷവും തികയുന്നതിന്റെ സ്മരണാർത്ഥമാണ് പരിപാടി സംഘടിപ്പിക്കുന്നത്.

ക്ഷേത്രസംരക്ഷകരെ ആദരിക്കുന്ന ശൗര്യയാത്രയിൽ പങ്കെടുക്കുന്ന ശ്രീ മോദി ക്ഷേത്രത്തിൽ പ്രത്യേക പൂജയും പ്രാർത്ഥനയും നടത്തും. സോംനാഥിൽ പൊതുജനങ്ങളെയും അഭിസംബോധന ചെയ്യും. രാജ്കോട്ടിൽ നടക്കുന്ന വൈബ്രന്റ് ഗുജറാത്ത് മേഖലാ സമ്മേളനവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

☸☸☸☸☸☸☸☸☸☸☸☸

## AMIT SHAH-KERALA (INTRO)

കേന്ദ്ര ആഭ്യന്തരമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ അമിത് ഷാ ഇന്ന് തിരുവനന്തപുരത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. ഇന്നലെ രാത്രി തിരുവനന്തപുരത്ത് എത്തിയ

അദ്ദേഹം ഇന്ന് രാവിലെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ദർശനം നടത്തും.

(വിശദാംശങ്ങളിലേക്ക്..)

(വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸

## FM-PRE-BUDGET MEETING

സംസ്ഥാനങ്ങളുമായും കേന്ദ്രഭരണ പ്രദേശങ്ങളുമായും നടത്തിയ ബജറ്റിന് മുന്നോടിയായുള്ള ചർച്ചയിൽ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ അധ്യക്ഷത വഹിച്ചു. ന്യൂ ഡൽഹിയിൽ ഇന്നലെ നടന്ന യോഗത്തിൽ യോഗത്തിൽ ബജറ്റിൽ പരിഗണിക്കപ്പെടേണ്ട സുപ്രധാന വിഷയങ്ങൾ ചർച്ച ചെയ്തതായി ധനകാര്യമന്ത്രാലയം അറിയിച്ചു. സംസ്ഥാനങ്ങൾക്ക് മൂലധന നിക്ഷേപത്തിനായുള്ള പ്രത്യേക സഹായ പദ്ധതി വിഹിതം ഉയർത്തണമെന്ന ആവശ്യവും യോഗത്തിൽ ചർച്ച ചെയ്തു. ഈ മാസം 28 നാണ് ബജറ്റ് സമ്മേളനം ആരംഭിക്കുക.

☸☸☸☸☸☸☸☸☸☸☸☸

## PRALHAD JOSHI

രാജ്യത്തുടനീളമുള്ള പുനരുപയോഗ ഊർജ്ജ ഉപയോഗം ത്വരിതപ്പെടുത്തുന്നതിന് നവ, പുനരുപയോഗ ഊർജ്ജ മന്ത്രാലയം സംസ്ഥാനങ്ങളുമായും പങ്കാളികളുമായും ചേർന്ന് പ്രവർത്തിക്കുന്നത് തുടരുമെന്ന് കേന്ദ്ര നവ, പുനരുപയോഗ ഊർജ്ജവകുപ്പ് മന്ത്രി പ്രൾഹാദ് ജോഷി. 2025 ൽ ഫോസിൽ ഇതര ഇന്ധനങ്ങളുടെ സ്ഥാപിത ശേഷി 266.78 ജിഗാവാട്ടായി ഉയർന്നു. സൗരോർജ്ജത്തിൽ നിന്നും കാറ്റിൽ നിന്നുമുള്ള ഊർജ്ജ ശേഷി ഇന്ത്യയുടെ പുനരുപയോഗ ഊർജ്ജ വിപുലീകരണത്തെ മുന്നോട്ട് നയിച്ചുവെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸

## SCINDIA-SPEED POST

കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ സ്പീഡ് പോസ്റ്റ് 24, സ്പീഡ് പോസ്റ്റ് 48 എന്നിങ്ങനെ രണ്ട് പുതിയ തപാൽ സേവനങ്ങൾ പ്രഖ്യാപിച്ചു. 24 മണിക്കൂറിലും 48 മണിക്കൂറിലും തപാൽ എത്തിക്കുന്നത് ഉറപ്പാക്കുകയാണ് പദ്ധതികളുടെ ലക്ഷ്യം. തപാൽ സേവനങ്ങളുടെ ആധുനിക വൽക്കരണത്തിന്റെ സുപ്രധാന ചുവടുവയ്പ്പാണ് ഇതെന്ന് മധ്യപ്രദേശിൽ നടന്ന സമ്മേളനത്തിൽ ശ്രീ. സിന്ധ്യ പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸

## PM-PARIKSHA PE CHARCHA

പരീക്ഷ പേ ചർച്ച 2026 ന് റെക്കോർഡ് പങ്കാളിത്തം. ആകെ രജിസ്ട്രേഷൻ 4 കോടി കടന്നതായി കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ പറഞ്ഞു. വാർഷിക ചർച്ച എന്നതിനപ്പുറത്തേക്ക് സമ്മർദ രഹിത പരീക്ഷ സാഹചര്യമൊരുക്കുന്ന വിപ്ലവകരമായ പരിപാടിയായി പരീക്ഷ പേ ചർച്ച മാറുകയാണെന്ന്

കേന്ദ്രമന്ത്രി വ്യക്തമാക്കി. രാജ്യത്തുടനീളമുള്ള വിദ്യാർത്ഥികൾ, മാതാപിതാക്കൾ, അധ്യാപകർ എന്നിവരെ ഉൾപ്പെടുത്തി 2025 ഡിസംബർ 1 ന് MyGov പോർട്ടൽ വഴിയാണ് രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത്.

☸☸☸☸☸☸☸☸☸☸☸☸

## PM-PRAGATI

രാജ്യത്ത് സമയബന്ധിതമായ പദ്ധതി വികസനം ഉറപ്പാക്കുന്നതിനായി 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കംകുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. പ്രഗതിയുടെ കീഴിൽ വിജയകരമായി പൂർത്തിയാക്കിയ പദ്ധതികളിൽ ഒന്നാണ് റെയിൽവേ മന്ത്രാലയത്തിന്റെ ജബൽപൂർ-ഗോണ്ടിയ ഗേജ് പരിവർത്തന പദ്ധതി. ഏകദേശം 285 കിലോമീറ്റർ ദൈർഘ്യമുള്ള പദ്ധതി നിർമാണ കാലയളവിൽ തുടർച്ചയായ വെല്ലുവിളികൾ നേരിട്ടു. 2016 മാർച്ചിൽ, പദ്ധതി പ്രഗതി സംവിധാനത്തിന് കീഴിൽ ഏറ്റെടുത്തതോടെ ഭൂമി കൈമാറ്റം ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ അതിവേഗം നടപ്പാക്കി പദ്ധതി 2021 മാർച്ചിൽ കമ്മീഷൻ ചെയ്തു.

☸☸☸☸☸☸☸☸☸☸☸☸

## MANDAVYA - VBYLD (INTRO)

യുവാക്കളാണ് രാഷ്ട്ര വികസനത്തിന്റെ ചാലകശക്തിയെന്ന് കേന്ദ്ര യുവജനകാര്യ മന്ത്രി മൻസുഖ് മാണ്ഡവ്യ. വികസിത് ഭാരത് യുവ നേതൃസംവാദ പരിപാടിയുടെ ഉദ്ഘാടനച്ചടങ്ങിനെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അടിസ്ഥാന തലത്തിൽ നിന്ന് നേതൃപാടവം വളർത്തിയെടുക്കുന്ന പ്രക്രിയയാണ് വികസിത് ഭാരത് യുവ നേതൃസംവാദമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

(വോയിസ്....)
ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, കേന്ദ്ര സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

☸☸☸☸☸☸☸☸☸☸☸☸

## K-DISC CM KERALA

വിജ്ഞാനകേരളം പദ്ധതിയുടെ ഭാഗമായുള്ള ബാക് ടു കാമ്പസ് നൈപുണി പരിശീലന പദ്ധതിയിലൂടെ ഇതിനകം ഒരുലക്ഷത്തിലധികം തൊഴിലുകൾ കണ്ടെത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. കെ-ഡിസ്ക്ക്

നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. പോളിടെക്നിക്, ഐടിഐ, എഞ്ചിനീയറിങ് കോളേജുകൾ എന്നിവിടങ്ങളിൽ നിന്ന് കോഴ്സ് പൂർത്തിയാക്കി, ജോലി തേടുന്നവർക്ക് നൈപുണ്യപരിശീലനം നൽകുന്നതാണ് ബാക് ടു കാമ്പസ് നൈപുണി പരിശീലന പദ്ധതി.

## VIZHINJAM ELECTION

സ്ഥാനാർഥികളുടെ നിര്യാണത്തെത്തുടർന്ന് തെരഞ്ഞെടുപ്പ് മാറ്റിവച്ച, തിരുവനന്തപുരം കോർപറേഷനിലെ വിഴിഞ്ഞം വാർഡ് ഉൾപ്പെടെയുള്ള മൂന്ന് തദ്ദേശ സ്ഥാപന വാർഡുകളിലേക്കുള്ള വോട്ടെടുപ്പ് നാളെ നടക്കും. നാളെ രാവിലെ 7 മുതൽ വൈകിട്ട് 6 വരെയാണ് വോട്ടെടുപ്പ്. മലപ്പുറം മൂത്തേടം ഗ്രാമപ്പഞ്ചായത്തിലെ പായിമ്പാടം, എറണാകുളം പാമ്പാക്കുട ഗ്രാമപ്പഞ്ചായത്തിലെ ഓണക്കൂർ എന്നിവിടങ്ങളിലും വോട്ടെടുപ്പ് നടക്കും. ചൊവ്വാഴ്ചയാണു വോട്ടെണ്ണൽ.

## PALAKKAD MLA

ബലാത്സംഗ പരാതിയിൽ പാലക്കാട് എംഎൽഎ രാഹുൽ മാങ്കൂട്ടത്തിലിനെ പൊലീസ് കസ്റ്റഡിയിലെടുത്തു. ഇന്നലെ രാത്രി 12.30 ഓടെ രാഹുൽ താമസിക്കുന്ന ഹോട്ടലിൽ നിന്നാണ് കസ്റ്റഡിയിൽ എടുത്തത്. ഇ. മെയിലിൽ ലഭിച്ച പരാതിയിലാണ് നടപടിയെന്നാണ് പോലീസ് വൃത്തങ്ങൾ നൽകുന്ന സൂചന.

## SHABARIMALA

മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമല സന്നിധാനത്ത് ഭക്തജനപ്രവാഹം. മകരവിളക്കിന്റെ പ്രധാന ചടങ്ങുകൾ ഇന്ന് എരുമേലി പേട്ടതുള്ളലോടെ ആരംഭിക്കും. രാവിലെ അമ്പലപ്പുഴ സംഘത്തിൻ്റേയും ഉച്ചയ്ക്ക് ആലങ്ങാട്ട് സംഘത്തിൻ്റെയും പേട്ടതുള്ളൽ നടക്കും. തിരുവാഭരണ ഘോഷയാത്ര നാളെ ഉച്ചയ്ക്ക് പന്തളത്തുനിന്നും സന്നിധാനത്തേയ്ക്ക് തിരിക്കും. ഘോഷയാത്ര പമ്പയിലെത്തുന്ന മകരവിളക്ക് ദിനമായ ഈ മാസം 14 ന് രാവിലെ 10 നുശേഷം നിലയ്ക്കലിൽനിന്ന് പമ്പയിലേയ്ക്കും 11 നുശേഷം പമ്പയിൽനിന്ന് സന്നിധാനത്തേയ്ക്കും ഭക്തരെ അനുവദിക്കില്ല. ഹൈക്കോടതി

നിർദേശപ്രകാരം 13ന് 40000 പേർക്കും 14 ന് 35000 പേർക്കുമാണ് ദർശനാനുമതി.

☸☸☸☸☸☸☸☸☸☸☸☸

## INDIA-NZ CRICKET

ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കമാകും. വഡോദരയിൽ ഉച്ചയ്ക്ക് 1.30നാണ് ആദ്യ മത്സരം. പരമ്പരയിൽ ആകെ മൂന്ന് മത്സരങ്ങളാണുള്ളത്.

☸☸☸☸☸☸☸☸☸☸☸☸

## CRICKET WPL

വനിത പ്രീമിയർ ലീഗ് ടി 20 ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരങ്ങളിൽ മുംബൈ ഇന്ത്യൻസിനും ഗുജറാത്ത് ജയന്റ്സിനും ജയം. ആദ്യ മത്സരത്തിൽ ഗുജറാത്ത്, യുപി വാരിയേഴ്സിനെ 10 റൺസിനാണ് പരാജയപ്പെടുത്തിയത്. രണ്ടാം മത്സരത്തിൽ മുംബൈ ഇന്ത്യൻസ് ഡൽഹി ക്യാപ്പിറ്റൽസിനെ 50 റൺസിന് തോൽപ്പിച്ചു.

☸☸☸☸☸☸☸☸☸☸☸☸

## MANSUKH MANDAVIYA

ഫിഫ ലോകകപ്പ് ഫുട്ബോൾ 2026 ന്റെ ട്രോഫി കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യയും മുൻ ബ്രസീലിയൻ ഫുട്ബോൾ താരം ഗിൽബെർട്ടോ ഡിസിൽവയും ചേർന്ന് ഇന്നലെ അനാച്ഛാദനം ചെയ്തു. 2047 ഓടെ ലോകത്തിലെ ഏറ്റവും മികച്ച കായിക രാഷ്ട്രമായി മാറാനുള്ള ഇന്ത്യയുടെ പരിശ്രമങ്ങളെ പിന്തുണയ്ക്കുന്നതാണ് രാജ്യത്തെ ട്രോഫിയുടെ യാത്ര എന്ന് ശ്രീ മൻസൂഖ് മാണ്ഡവ്യ പ്രതികരിച്ചു.

☸☸☸☸☸☸☸☸☸☸☸☸

## IRAN PROTESTS

ഇറാനിൽ സാമ്പത്തിക പ്രതിസന്ധിയെ തുടർന്നുണ്ടായ പ്രക്ഷോഭങ്ങൾ രൂക്ഷം. അൻപതോളം പ്രതിഷേധക്കാരും 15 സുരക്ഷാ ഉദ്യോഗസ്ഥരും സംഘർഷങ്ങളിൽ കൊല്ലപ്പെട്ടതായി മനുഷ്യാവകാശ സംഘടനകൾ വ്യക്തമാക്കി. ഏകദേശം 2,300 പേർ അറസ്റ്റിലായിട്ടുണ്ട്. അതിനിടെ ഇറാനിലേക്കും തിരിച്ചുമുള്ള നിരവധി അന്താരാഷ്ട്ര വിമാന സർവീസുകൾ റദ്ദാക്കി. രാജ്യത്തിന്റെ തന്ത്രപരമായ അടിസ്ഥാന സൗകര്യങ്ങളും പൊതു

സ്വത്തും സംരക്ഷിക്കുമെന്ന് ഇറാൻ സൈന്യം അറിയിച്ചു. സർക്കാർ വിരുദ്ധ പ്രകടനങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് ഇറാൻ ഭരണകൂടവും വ്യക്തമാക്കി.

## RUSSIA - UKRAINE

റഷ്യ - യുക്രൈൻ സംഘർഷം ചർച്ച ചെയ്യുന്നതിനായി ഐക്യരാഷ്ട്രസഭ സുരക്ഷാ സമിതി തിങ്കളാഴ്ച അടിയന്തര യോഗം ചേരും. യുക്രൈൻ വിദേശകാര്യ മന്ത്രി ആൻഡ്രി സിബിഹയാണ് ഇക്കാര്യം അറിയിച്ചത്. അതിനിടെ, റഷ്യയുടെ തെക്കൻ നഗരമായ വൊറോനെഷിൽ ഇന്നലെ യുക്രൈൻ ഡ്രോൺ ആക്രമണം നടത്തി. യുക്രേനിയൻ നഗരങ്ങളിൽ റഷ്യ നടത്തുന്ന ആക്രമണങ്ങൾക്ക് മറുപടിയാണിതെന്ന് യുക്രൈൻ പ്രതികരിച്ചു.

## DISCUSSION

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യും. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. ജിഎസ്ടി പരിഷ്കാരങ്ങളെ കുറിച്ചുള്ള ചർച്ച ഇന്ന് രാത്രി 11ന് പ്രക്ഷേപണം ചെയ്യും.

## MYANMAR RESCUE

തൊഴിൽതട്ടിപ്പിനെ തുടർന്ന് മ്യാൻമറിൽ കുടുങ്ങിയ 27 ഇന്ത്യൻ പൗരന്മാരെ സുരക്ഷിതമായി മോചിപ്പിച്ചു. ഇന്ത്യക്കാരെ ജോലിക്കെന്ന വ്യാജേന എത്തിച്ച് സൈബർ കുറ്റകൃത്യങ്ങൾ ചെയ്യാൻ നിർബന്ധിതരാക്കുകയായിരുന്നു. രക്ഷപ്പെടുത്തിയ ഇന്ത്യൻ പൗരന്മാർ ഇന്നലെ ഡൽഹിയിൽ എത്തി.

## GOVERNOR - COUNSELOR

വികസനത്തിന് പണം പ്രശ്നമല്ലെന്നും, സമർപ്പണവും കാര്യക്ഷമമായ നിർവഹണവുമാണ് പ്രധാനമെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ്

ആർലേക്കർ. ലോക് ഭവനിൽ തിരുവനന്തപുരം നഗരസഭാ കൗൺസിലർ മാരുമായി നടത്തിയ കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു ഗവർണർ.

☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸
☸☸☸☸